DA1/718/2018

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ - സബ്സി ഡി - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ - അടുക്കള മുറ്റത്തെ കോഴി വളർത്തൽ പദ്ധതി -പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ(സാധാ)നം. **2638/ 2018/ ത.സ്വ.ഭ. വ** തീയതി തിരുവനന്തപുരം **15.10.2018**

പരാമർശം :- 1) സ.ഉ.(കൈ) നം 22/ 2018/ തസ്വഭവ തീയതി 14/ 2/ 2018

2) സ.ഉ.(സാധാ.) നം 1582/ 2018/ തസ്വഭവ തീയതി 11/ 06/ 2018

3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.09.18 ൽ കൂടിയ യോഗത്തിന്റെ പൊതു വിഷയ തീരുമാനം നമ്പർ 3.10

**<u>ഉത്തരവ്</u>**

അടുക്കള മുറ്റത്തെ കോഴി വളർത്തൽ പദ്ധതി പ്രകാരം ധനസഹായം നൽകുമ്പോൾ ഗുണഭോക്താവ് ഹൈഡെൻസിറ്റി കൂടുകൾ വാങ്ങണമെന്ന് പരാമർശം (1) ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23.05.18 ൽ കൂടിയ യോഗത്തിന്റെ പ്രത്യേക വിഷയ തീരുമാനം നമ്പർ 4.32 ന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ഉത്തരവ് പ്രകാരം കൂടിനു നൽകി വന്ന ചെലവിന്റെ സബ്സി ഡി 50 ശതമാനമായി വർധിപ്പിച്ചുകൊണ്ടും കൂട് സ്വന്തമായി ഉണ്ട് എന്ന് സാക്ഷ്യപ്പെടുത്തിയാൽ മതി എന്നു ഉത്തരവായിരുന്നു.

പരാമർശം (3)ലെ യോഗം ഇക്കാര്യം വീണ്ടും പരിശോധിച്ചു. പ്രസ്തുത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൂട് സ്വന്തമായി ഉണ്ട് എന്ന് സാക്ഷ്യപ്പെടുത്തുന്നതിനു പകരം, കോഴി വളർത്തുന്നതിന് സുരക്ഷിതമായ കൂട് കൈവശമുണ്ടെന്ന ഗുണഭോക്താവിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും മുട്ടക്കോഴി വിതരണം നടത്തുന്നതിനു പുതിയ കൂടു വാങ്ങുന്നില്ലായെങ്കിൽ അതിനുള്ള സബ്സിഡി നൽകാവുന്നതല്ലെന്നും കൂടിന്റെ സബ്സി ഡിനിരക്ക് പരാമർശം (2)ലെ ഉത്തരവ് പ്രകാരം 50 ശതമാനമായി വർദ്ധിപ്പിച്ചത് പരാമർശം (1) ലെ സബ്സി ഡിമാർഗ്ഗരേഖ പ്രകാരമുള്ള നിരക്കായ 25% ത്തിലേയ്ക്ക് പരിമിതപ്പെടുത്തിയും ഉത്തരവാകുന്നു.

2 പരാമർശം ഒന്നിലെ ഉത്തരവ് മേൽഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**പാറ്റ്സി സ്റ്റീഫൻ**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും-ഗ്രാമവികസന കമ്മീഷണർ മുഖേന
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**പകർപ്പ്:-** ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

**ഉത്തരവിൻ പ്രകാരം**
**സെക്ഷൻ ഓഫീസർ**